"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഷഫീർ ബാബു, ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.120/2025-ന്മേലുള്ള 19.05.2025-ലെ അന്തിമ ഉത്തരവ് - അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2070/2025/H&FWD തീയതി,തിരുവനന്തപുരം, 26-07-2025

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.05.2024-ലെ E17-(SC-1) 2024/KNR) 37723/2023/DVACB നമ്പർ കത്ത്.
2. സർക്കാരിന്റെ 13.12.2024-ലെ എ2/329/2024-ഹെൽത്ത് നമ്പർ കത്ത്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 30.12.2024-ലെ ഇ.ബി.2/29535/2024/ആവഡ നമ്പർ നടപടിക്രമം.
4. ഡോ.ഷഫീർ ബാബു.എം. ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) സമർപ്പിച്ച 06.01.2025 തീയതിയായ നിവേദനം (Annexure A4).
5. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.120/2025-ന്മേലുള്ള 19.05.2025 തീയതിയിലെ അന്തിമ ഉത്തരവ്.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.06.2025-ലെ ഇബി 2-2141/2025 ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനിയൽ, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രൈവറ്റ് പ്രാക്ടീസ് നടത്തി എന്നു കണ്ടെത്തിയ കണ്ണൂർ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലെ ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ഷഫീർ ബാബു.എം.-നെ പരാമർശം (2) കത്ത് പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) നടപടിക്രമ പ്രകാരം പ്രസ്തുത ആശുപത്രിയിൽ നിന്നും പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയിരുന്നു. ഇതിനെതിരെ ഡോ.ഷഫീർ ബാബു.എം. ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA[EKM] 120/2025 ഫയൽ ചെയ്യുകയും, ബഹു:ട്രൈബ്യൂണൽ 20.01.2025-ലെ ഇടക്കാല ഉത്തരവ്

പ്രകാരം അപേക്ഷകന്റെ സ്ഥലംമാറ്റം സ്റ്റേ ചെയ്യുകയും, സ്ഥലംമാറ്റം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൻ ഒന്നാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ പരാമർശം (4) അപ്പീൽ അപേക്ഷ രണ്ടാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറി പരിശോധിക്കുന്നതിനും, അപേക്ഷകനെ നേരിൽ കേട്ടതിനു ശേഷം ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും പരാമർശം (5) അന്തിമ ഉത്തരവ് പ്രകാരം ബഹു:ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കണ്ണൂർ കുത്തുപറമ്പ് താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ഡോ.റജീന അസീസ് അവരുടെ സ്വകാര്യ ക്ലിനിക്കിൽ പോയി കാണാത്തതിനാൽ ആശുപത്രിയിലെ ചികിത്സ നിരസിച്ചതായി വിജിലൻസ് വകുപ്പിൽ പരാതി ലഭിച്ചതിനെത്തുടർന്ന് 06-02-2024 തീയതിയിൽ വിജിലൻസ് കുത്ത്പറമ്പ് താലൂക്ക് ആശുപത്രിയിലും ഡോ.റജീന അസീസ് പ്രാക്ടീസ് നടത്തുന്ന ക്ലിനിക്കിലും മിന്നൽ പരിശോധന നടത്തി. തുടർന്ന് കുത്തുപറമ്പ് താലൂക്ക് ആശുപത്രിയിലും വിജിലൻസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാരും, സാക്ഷിയായി സ്പെഷ്യൽ തഹസീൽദാറും ചേർന്ന് മിന്നൽ പരിശോധന നടത്തി. ഡോ.റജീന സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ക്ലിനിക്കിനു സമീപമുള്ള Fateh Residence പേരുള്ള ബിൽഡിങ്ങിൽ, കുത്തുപറമ്പ താലൂക്ക് ആശുപത്രിയിലെ ഡോ.ഷഫീർ ബാബു.എം. എന്ന ഡോക്ടർ ക്ലിനിക്ക് വച്ച് പരിശോധന നടത്തുന്നതായി പരിശോധന ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുകയും, പ്രസ്തുത ക്ലിനിക്കിൽ ഡോക്ടറെ കൂടാതെ ഒരു സഹായിയെയും കണ്ടെത്തുകയുണ്ടായി. ആശുപത്രിയിൽ നിന്നും വന്നതിനു ശേഷം രോഗികളെ പരിശോധിക്കാറുണ്ടെന്ന് ഡോക്ടർ പറയുകയും, പുറത്തു കാത്തു നിന്ന രോഗികളോട് വിവരം അന്വേഷിച്ചതിൽ ആശുപത്രിയിൽ 60 രോഗികൾക്ക് മാത്രമേ ഒരു ദിവസം ടോക്കൺ കിട്ടുകയുള്ളൂവെന്നും, ആശുപത്രിയിൽ കാണാൻ സാധിക്കാത്തതിനാലാണ് ഡോക്ടർ സ്വകാര്യ പരിശോധന നടത്തുന്നിടത്ത് വരുന്നതെന്നും പറയുകയും ചെയ്തു. അന്വേഷണ ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ ഉടമസ്ഥയെ ഫോണിൽ വിളിച്ച് തിരക്കിയതിൽ ഡോക്ടർ ടി കെട്ടിടത്തിൽ താമസിക്കാറില്ലെന്നും, ചികിത്സയ്ക്ക് മാത്രമാണ് എത്തുന്നതെന്നും അറിയാൻ കഴിഞ്ഞതായി പരാമർശം (1) പ്രകാരം ലഭ്യമാക്കിയ മിന്നൽ പരിശോധനാ റിപ്പോർട്ടിൽ ചേർത്തിരുന്നു. ഡോ.ഷഫീർ ബാബു ആശുപത്രിക്ക് സമീപം തന്നെ കെട്ടിടം വാടകയ്ക്ക് എടുത്ത് പരിശോധന നടത്തി വരുന്നതിനാൽ സ.ഉ. (കൈ) നം.270/2005/ആകുവ തീയതി 25.10.2005, സ.ഉ. (കൈ) നം. 350/2023/ആകുവ തീയതി 27.12.2023 എന്നീ ഉത്തരവുകളുടെ ലംഘനം നടന്നിട്ടുള്ളതായി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു. മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ ഡോ.ഷഫീർ ബാബുവിനെതിരെ ഉചിതമായ വകുപ്പുതല നടപടി

സ്വീകരിക്കുന്നതിനും, കൂടാതെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രൈവറ്റ് പ്രാക്ടീസ് ചെയ്യാതിരിക്കാനായി മെഡിക്കൽ ഓഫീസറെ സ്ഥലം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും വിജിലൻസ് ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം സർക്കാരിൽ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം പരിശോധിക്കുകയും, ഡോ.ഷഫീർ ബാബുവിനെ പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഒഴിവുണ്ടായിരുന്ന ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും, കൂടാതെ, ടി വിഷയത്തിൽ വകുപ്പ്തല അന്വേഷണം നടത്തി പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 03.06.2025-ന് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (വിജിലൻസ്) നേതൃത്വത്തിലുള്ള ആഭ്യന്തര വിജിലൻസ് ടീം കൂത്തുപറമ്പ താലൂക്ക് ആശുപത്രിക്ക് സമീപം മിന്നൽ പരിശോധന നടത്തി. അന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

- സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ ചികിത്സാമാനദണ്ഡങ്ങൾ ലംഘിച്ച് ഡോ.ഷഫീർബാബു.എം., ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) കൂത്തുപറമ്പ താലൂക്ക് ആശുപത്രിക്ക് സമീപം 1 കി.മീ. ചുറ്റളവിനുള്ളിൽ വാടക കെട്ടിടത്തിൽ രണ്ട് ജീവനക്കാരെ സഹായികളായി ഉൾപ്പെടുത്തി സ്വകാര്യ ചികിത്സ നടത്തുന്നതായി ബോധ്യപ്പെട്ടു. വാടക ചീട്ടിന്റെയും റസിഡൻസ് സർട്ടിഫിക്കറ്റിന്റെയും പകർപ്പുകൾ ഡോക്ടർ ഉദ്യോഗസ്ഥർക്ക് നൽകി. സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ ചികിത്സാ മാനദണ്ഡങ്ങൾ സംബന്ധിച്ച സ.ഉ. (കൈ) നം.270/2005/ആകുവ തീയതി 25.10.2005 നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധന പ്രകാരമുള്ള ""ആശുപത്രിയിൽ കിടത്തി ചികിത്സയിലിരിക്കുന്ന രോഗികളോ അവരുടെ കൂട്ടിരിപ്പുകാരോ, ബന്ധുക്കളോ ഡോക്ടറെ കാണുന്നതിനായി ഇവിടെ വരാൻ പാടുള്ളതല്ല"" എന്ന ബോർഡ് പരിശോധനാ മുറിയിൽ പ്രദർശിപ്പിച്ചിരുന്നില്ല എന്ന് അന്വേഷണ ഉദ്യോഗസ്ഥർ കണ്ട് ബോധ്യപ്പെട്ടിരുന്നു.

3) കൂത്തുപറമ്പ താലൂക്ക് ആശുപത്രിയിൽ നിന്നും സ്ഥലംമാറ്റിയതിനെതിരെ, ഡോ.ഷഫീർ ബാബു ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.120/2025-ന്മേലുള്ള പരാമർശം (5) അന്തിമ ഉത്തരവിൽ, കൂത്തുപറമ്പ താലൂക്ക് ആശുപത്രിയിൽ നിന്നും മെഡിക്കൽ ഓഫീസറിനെ സ്ഥലംമാറ്റിയ ഉത്തരവ് സ്റ്റേ ചെയ്യുകയും, ഡോ.ഷഫീർ ബാബു ടിയാളുടെ സ്ഥലംമാറ്റം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് 1-ാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ പരാമർശം (4) അപ്പീൽ അപേക്ഷ

2-ാം എതിർകക്ഷിയായ സർക്കാർ പരിശോധിക്കുന്നതിനും, അപേക്ഷകനെ നേരിൽ കേട്ടതിനു ശേഷം ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4) ബഹു: ട്രൈബ്യൂണലിന്റെ പരാമർശം (5) ഉത്തരവ് പ്രകാരം അപേക്ഷകനെ 26.06.2025-ന് സർക്കാർ ചുമതലപ്പെടുത്തിയതു പ്രകാരം ചുവടെ ഒപ്പുവച്ചിരിക്കുന്ന ഉദ്യോഗസ്ഥ നേരിൽ കേൾക്കുകയുണ്ടായി. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒന്നും ചെയ്തിട്ടില്ല എന്നും, പ്രൈവറ്റ് പ്രാക്ടീസിനായി ഉപോയോഗിക്കുന്ന ബിൽഡിംഗ് ടിയാൻ താമസത്തിനായും ഉപയോഗിക്കാറുണ്ടായിരുന്നുവെന്നും, സഹായത്തിന് ക്ലീനിംഗ് സ്റ്റാഫായി ഒരാളാണ് ഉണ്ടായിരുന്നതെന്നും, കൂടാതെ, പ്രൈവറ്റ് പ്രാക്ടീസ് നടത്തിയ ബിൽഡിംഗ് വാടകക്കരാർ പ്രകാരം എടുത്തിട്ടുള്ളതും, ആയതിന് റസിഡൻസ് സർട്ടിഫിക്കറ്റ് എടുത്തിട്ടുള്ളതുമാണെന്ന് നേരിൽ കേൾക്കുന്ന വേളയിൽ മെഡിക്കൽ ഓഫീസർ പറയുകയുണ്ടായി. വാടകക്കരാറിന്റെയും, റസിഡൻസ് സർട്ടിഫിക്കറ്റിന്റെയും പകർപ്പുകൾ മെഡിക്കൽ ഓഫീസർ ഹാജരാക്കി. സർക്കാർ ക്വാർട്ടേഴ്സ് ലഭിക്കാത്തതിനാലാണ് ആശുപത്രിയ്ക്ക് സമീപം കെട്ടിടം വാടകയ്ക്ക് എടുത്തത് എന്നും, സ്ഥലംമാറ്റിയ നടപടി റദ്ദ് ചെയ്യണമെന്ന് മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരുടെ സ്വകാര്യ ചികിത്സ മാനദണ്ഡങ്ങളടങ്ങിയ സ.ഉ. (കൈ) നം.214/2024/ആകുവ തീയതി 31.08.2024 *പ്രകാരം* ഡോക്ടറുടെ വസതിയോ, സർക്കാർ ക്വാർട്ടേഴ്സോ അല്ലാത്ത, മെഡിക്കൽ ഓഫീസർ ജോലി നോക്കുന്ന ആശുപത്രിക്ക് 1 കി.മീ. ചുറ്റളവിൽ കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്ത് പ്രൈവറ്റ് പ്രാക്ടീസ് നടത്തുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഡോ.ഷഫീർ ബാബു ഈ വ്യവസ്ഥ പാലിക്കാതെയാണ് ആശുപത്രിക്ക് 1 കി,.മീ. ചുറ്റളവിലുള്ള വാടക കെട്ടിടത്തിൽ സ്വകാര്യ പ്രാക്ടീസ് ചെയ്തിരുന്നത്. കൂടാതെ, ആഭ്യന്തര വിജിലൻസിന്റെ അന്വേഷണത്തിൽ, ""ആശുപത്രിയിൽ കിടത്തി ചികിത്സയിലിരിക്കുന്ന രോഗികളോ അവരുടെ കൂട്ടിരിപ്പുകാരോ, ബന്ധുക്കളോ ഡോക്ടറെ കാണുന്നതിനായി ഇവിടെ വരാൻ പാടുള്ളതല്ല"" എന്ന് നിർബന്ധപൂർവ്വം നിബന്ധന ചെയ്തിട്ടുള്ള ബോർഡ് മെഡിക്കൽ ഓഫീസർ സ്വകാര്യ പരിശോധനാ റൂമിലോ, കെട്ടിടത്തിലോ സ്ഥാപിച്ചിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ കൂത്തുപറമ്പ താലൂക്ക് ആശുപത്രിയിലെ ജനറൽ സർജറി വിഭാഗം മെഡിക്കൽ ഓഫീസർ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് സ്വകാര്യ പ്രാക്ടീസ് നടത്തിയത് എന്ന ടിയാന്റെ വാദം ശരിയല്ലെന്ന് കണ്ടെത്തി. ആയതിനാൽ ടിയാനെ മറ്റൊരു സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റേണ്ടതാണ് എന്ന വിജിലൻസ് ഡയറക്ടറുടെ ശിപാർശയിലും, സ്ഥലംമാറ്റാൻ നിർദ്ദേശം നൽകിയ സർക്കാരിന്റെ തീരുമാനത്തിലും,

മെഡിക്കൽ ഓഫീസറെ പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവിലും അപാകത ഇല്ലാത്തതിനാൽ പരാമർശം (4) അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

6) ബഹു:ട്രൈബ്യൂണലിന്റെ OA (EKM) No.120/2025-ന്മേലുള്ള 19.05.2025-ലെ അന്തിമ ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) എറണാകുളം/കണ്ണൂർ.
ഡോ.ഷഫീർ ബാബു എം., ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി), താലൂക്ക് ആസ്ഥാന ആശുപത്രി, കൂത്തുപറമ്പ, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/329/2024-ഹെൽത്ത്)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 28-07-2025 10:27:29

<u>മേലെഴുത്ത് നം.ഇബി2-2141/2025, ആവഡ, തിയതി:31/07/2025</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 01-08-2025 23:59:24

ആരോഗ്യവകുപ്പ് ഡയറക്ടർ